(സി) സംസ്ഥാനത്ത് 2003-04-ൽ വരൾച്ചമൂലം 287164 ഏക്കർ ഭൂമിയിൽ 50344.6 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടാണ് റിപ്പോർട്ട്.

(ഡി ആന്റ് ഇ) 2003-04-ലെ കൃഷിനാശവുമായി ബന്ധപ്പെട്ട് 2.0 കോടിയോളം രൂപ പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചു. ഇതിൽ 35,71,656 രൂപ അർഹതപ്പെട്ട കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്. മറ്റു ജില്ലകൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

നെല്ല് സംഭരണം

97 [380] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. തോമസ് ഉണ്ണിയാടൻ :

,, സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് നെല്ലുസംഭരണം നടത്തിയതെന്നും ഓരോ ജില്ലകളിൽ നിന്നും എത്ര ടൺ നെല്ല് വീതമാണ് സംഭരിച്ചതെന്നും അറിയിക്കാമോ;

(ബി) നെല്ല് സംഭരണം മൂലം കൃഷിക്കാർക്കുണ്ടായ പ്രയോജനങ്ങൾ എന്തൊക്കെയാണ്;

(സി) നെല്ല് സംഭരണം നടത്തിയതിന്റെ സബ്സിഡി ഏതെങ്കിലും ജില്ലകളിൽ ഇനിയും വിതരണം ചെയ്യാൻ ഉണ്ടോ;

(ഡി) ഏങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) ഈ വർഷം ഏതൊക്കെ ജില്ലകളിൽ നിന്നും എത്ര ക്വിന്റൽ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി (2001-02, 2002-03) മൊത്തം 1,38,990.91 ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

പാലക്കാട്	-	17171.1	ടൺ
ആലപ്പുഴ	-	57385.68	ടൺ
തൃശ്ശൂർ	-	9938.29	ടൺ
കോട്ടയം	-	41285.91	ടൺ
പത്തനംതിട്ട	-	3210.0	ടൺ

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ല് സംഭരണം മൂലം കൊയ്ത്തുകാലത്ത് നെല്ലിന്റെ വില ക്രമാതീതമായി കുറയുന്നതു തടയാനും കൃഷിക്കാർക്ക് അവരവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് മെച്ചപ്പെട്ട വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി ആന്റ് ഡി) നെല്ലു സംഭരിച്ചതിന്റെ ഹാൻഡ്ലിംഗ് ചാർജ്ജ് മുഴുവനും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത, ലഭ്യമായ തുക യഥാസമയം മാറാൻ ട്രഷറി നിയന്ത്രണം മൂലം സാധിക്കായ്ക എന്നീ കാരണങ്ങളാലാണ് കാലതാമസം നേരിടുന്നത്.

(ഇ) ജില്ല

പാലക്കാട്	1.50	ലക്ഷം കിന്റൽ
തൃശൂർ	1.25	,,
ആലപ്പുഴ	3.80	,,
കോട്ടയം	1.25	,,
പത്തനംതിട്ട	0.20	,,
	8.00	,,

ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

98 [381] ശ്രീ. തോമസ് ചാഴികാടൻ :

,, നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്നറിയിക്കാമോ;

(സി) ഇങ്ങനെ നഷ്ടപരിഹാരം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(ഡി) പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly